(സി) പ്രസ്തുത ഡി.എ. 10-9-2012-ലാണ് അവസാനമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. (ഇതിന് 1-8-2012 മുതൽ പ്രാബല്യമുണ്ട്.)

(ഡി & ഇ) പുന്നപ്ര-വയലാർ സ്വാതന്ത്ര്യ സമര സേനാനികളെ കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പെൻഷൻ നൽകിവരുന്നത്. കേരള സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ 10-9-2012-ൽ ക്ഷാമബത്ത ഉൾപ്പെടെ 1000 രൂപ വർദ്ധിപ്പിച്ച് 9800 രൂപ നൽകിവരുന്നുണ്ട്. (ഇതിന് 1-8-2012 മുതൽ പ്രാബല്യമുണ്ട്.) സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതാകയാൽ സ്വാതന്ത്ര്യ സമര സേനാനി പെൻഷനും ഡി.എ.-യും വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ലാത്തതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

54 (7613) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത് ; വരുമാനപരിധി എത്രയാണ് ; വിശദാംശം നൽകുമോ ?

ഉത്തരം

1. ചികിത്സാ സഹായം, അപകട മരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം അനുവദിക്കുന്നത്.

2. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000 (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.

3. ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുകയുള്ളൂ.

4. ക്യാൻസർ, കിഡ്നി സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനു ശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

5. അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായമായി ജില്ലാ കളക്ടർമാർക്ക് 2000 രൂപവരെയും റവന്യൂ വകുപ്പുമന്ത്രിക്ക് 5000 രൂപ വരെയും അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം എന്നീ ഗുരുതരരോഗങ്ങൾക്ക് 10,000 രൂപവരെ അനുവദിക്കുന്നു. തീപിടുത്തംമൂലം വാസഗൃഹങ്ങൾക്കും ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഇടിമിന്നൽമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

10000 രൂപ വരെയും ഇടിമിന്നൽമൂലമുള്ള മരണങ്ങൾക്ക് 1,00,000 രൂപ വരെയും അനുവദിക്കുന്നു. കടൽക്ഷോഭംമൂലമുണ്ടാകുന്ന ദുരന്തത്തിൽ മരണമടഞ്ഞ മുതിർന്നവരുടെ കുടുംബത്തിന് 1,00,000 രൂപവരെയും കുട്ടികൾക്ക് 50,000 രൂപവരെയും മാരകമായി പരിക്കേൽക്കുന്നവർക്ക് 35,000 രൂപയും ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിയിൽ കിടക്കുന്നവർക്ക് 7500 രൂപയും ഒരാഴ്ചയിൽക്കുറവ് ആശുപത്രിയിൽ കിടക്കുന്നവർക്ക് 2500 രൂപയും ടി പ്രകൃതി ദുരന്തത്തിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർക്ക് താഴെപ്പറയുംവിധവും ധനസഹായം അനുവദിക്കുന്നു:

പൂർണ്ണമായി തകർന്ന (Pucca) വീടുകളുടെ കേടുപാടുകൾ തീർക്കുന്നതിന് പരമാവധി	-	25,000 രൂപ
Kutcha വീടുകൾക്ക്	-	10,000 രൂപ
ഭാഗികമായി തകർന്ന പക്കാ വീടുകൾക്ക്	-	5,000 രൂപ
കച്ചാ വീടുകൾക്ക്	-	2,500 രൂപ
15% വരെ കേടുപാടുകൾ സംഭവിച്ച പക്കാ വീടുകൾക്ക്	-	2,500 രൂപ
കച്ചാ വീടുകൾക്ക്	-	1,500 രൂപ
പൂർണ്ണമായി തകർന്ന കുടിലുകൾക്ക്	-	2,000 രൂപ

വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് പരമാവധി 7500 രൂപയും ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 2500 രൂപയും നൽകുന്നു.

1. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/ റോഡപകടംപോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി രണ്ട് ലക്ഷം രൂപവീതം എന്ന നിരക്കിൽ ധനസഹായം നൽകുന്നു.

2. സ്ഫോടകശേഷിയുള്ള ഇന്ധനങ്ങളോ മറ്റ് പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

3. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് 1,00,000 രൂപവരെ അനുവദിക്കുന്നു. മന്ത്രി സഭായോഗം തീരുമാനത്തിന് വിധേയമായി ഒരു ലക്ഷം രൂപയിൽക്കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly